"The heavens declare the glory of God; And the firmament shows His handiwork. Day unto day utters speech, And night unto night reveals knowledge. In them He has set a tabernacle for the sun, Which is like a bridegroom coming out of his chamber, And rejoices like a strong man to run its race. Its rising is from one end of heaven, And its circuit to the other end" (Psalms 19)

Youth Forum

When Anxiety Takes Over:
Learning to Trust God With Tomorrow

"Therefore I say to you, do not worry about your life, what you will eat or what you will drink; nor about your body, what you will put on. Is not life more than food and the body more than clothing? Look at the birds of the air, for they neither sow nor reap nor gather into barns; yet your heavenly Father feeds them. Are you not of more value than they?" (Matthew 6:25-26)

Mebina Alexander Abraham

Sometimes, even when we know that God is in control, our minds still struggle to be quiet.

We think about our future - where we will be, where life will take us, whether we are making the right decisions and what tomorrow will look like. One thought leads to another and before we realize it, we are carrying the weight of things that haven't even happened yet.

I have experienced this too. There are moments when I find myself thinking, "Where will I be? What will happen? Where will I reach in life? Will everything work out?" And the more we think about these questions, the more anxious we can become.

But I am learning something: I may not know what my future holds, but I can trust the God who does.

Have you ever stopped to look at the birds in the sky? They don't worry about where their next meal will come from. They simply go about their day, and God provides for them.

Jesus said: *"Look at the birds of the air; they do not sow or reap or store away in barns, and yet your heavenly Father feeds them" (Matthew 6:26).*

If God takes care of the birds, how much more will He take care of us?

Yet we humans worry so much. We worry about tomorrow, our future, our careers, our finances, our relationships and so many things that are still unknown. We sometimes carry tomorrow's worries today.

But Jesus reminds us not to live that way: *"Therefore do not worry about tomorrow, for tomorrow will worry about itself" (Matthew 6:34).*

This doesn't mean we should stop planning, working or doing our part. It simply means that we don't have to live in fear of what tomorrow may bring. We can do what we can today and trust God with what we cannot control.

And when anxiety begins to take over, perhaps the best thing we can do is come closer to God.

Pray about it.

Talk to God about everything that is troubling your heart. Tell Him your fears, your questions, your plans, and even the things you don't know how to explain.

Spend time in His Word.

Listen to worship and devotional songs when your mind feels heavy. Sometimes, a simple song can remind us of God's promises when our thoughts are trying to convince us otherwise.

Come into His presence. Because when we spend too much time listening to our fears, our fears become louder. But when we spend more time listening to God, we are reminded of who He is.

Anxiety asks, "What if something goes wrong?"

Faith reminds us, "God will be with me."

We may not know exactly where we will be tomorrow, next year or even years from now. But we can trust the One who already knows.

Maybe we don't need to figure out our entire future today. Maybe we just need to take one step at a time, one prayer at a time and one day at a time - with God.

So, when anxiety comes, don't run deeper into your thoughts. Run closer to God.

Give Him the future you cannot control. Give Him the questions you don't have answers to. Give Him the plans you are afraid might not work out.

And remind yourself: God is already in my tomorrow. I may not know what my future holds, but I can trust the God who does.

May we learn to trust Him a little more each day, surrender our worries into His hands and find peace in knowing that we never walk into the future alone.

"But seek first the kingdom of God and His righteousness, and all these things shall be added to you. Therefore do not worry about tomorrow, for tomorrow will worry about its own things. Sufficient for the day is its own trouble" (Matthew 6:33,34)

Children's corner

"God and Silversmith Analogy "

"Let the little children come to me and do not hinder them"

Juby Anoop, UK

I read the following story and it inculcated a sense of awe and I marvelled at the ways of our God Almighty. A woman was reading her daily scriptural portion from the book of Malachi, where she came across a verse which made her think. It said, *"He will sit as a refiner and purifier of silver"*. After reading the verse she had a desire to understand the actual meaning of the verse for a better meditation. The verse compares God's role with that of a silversmith. Hence, she approached a silversmith to watch him at his work and gain a first-hand knowledge of purifying silver. She observed the process carefully to learn how he goes about refining the silver. As she was looking, she saw that he held a piece of silver over the fire and heated it to a very high temperature. When asked about it, the silversmith explained that, during refining, one needs to hold the silver in the middle of the fire where the flames will be the hottest as to burn away all the impurities.

The woman imagined herself in the hands of God, the silversmith, where she was being heated by various tests and trials to refine her and remove all impurities and make her faith stronger in God. The verse says that He sits as a refiner and purifier of silver. She asked the silversmith if it was true that he had to sit there in front of the fire for the whole time during the refining process. The silversmith answered "yes", he had to sit there holding the silver and moreover, he had to keep his eyes on the silver the entire time it was being refined in the fire. If the silver was left even a moment longer in the flames, it would be destroyed and will not be useful anymore. The woman asked the silversmith, "How do you know when the silver is fully refined?" He answered, "Oh that's easy, it is refined when I see my image in it".

This story clearly helped me to learn about the manner in which God brings us through tests and trials. God is our silversmith and we are the silver in His hands. God may lead us through very tough and painful situations but take heart as those will be times of refinement in our lives. Just like the silver, God may put us in the hottest point of the fire for a short period. The silver has to go through this process to be pure and to increase its value. Similarly when we pass through some difficult trials in our lives we become purer and clean in God's sight.

Next what amazes me is that silversmith sits at the fire and sets his eyes on the silver throughout the time it is heated as he holds the silver on the fire. Similarly we too in our times of testing and trials may feel that we are left alone and God has forsaken us and does not care for us. On the contrary God is holding us in His hands and watching over us when we are passing through the hottest trials. He always has His eyes on us throughout those tough times of refinement in our lives. Bible says, *He will never leave us nor forsake us.*

The silversmith holds the silver to be purified from all its impurities, sitting in front of the heat though out the process, because it could not be left alone as it would turn out to be useless if it is left a bit longer in the heat. It is marvellous to see that the silversmith has to watch the silver closely. So, he sits in front of the burning fire despite the heat he has to bare. Just like the silversmith, God the creator, purifier and perfector of His children understand our pain as we are sent through the toughest times in order to see a refined person, fruitful for others and His kingdom.

Metaphorically we can see that God won't lead us into trials which we cannot bear. He knows our strengths and weakness and our threshold of holding on in trials. Bible says in *1 Corinthians 10:13: 'God is faithful; he will not let you be tempted beyond what you can bear'.*

However many times we question God as to why God wants us to go through such difficult and distressful situations in our lives. The answer lies in the last few lines of the above story. God wants us to pass through these tests and trials in our lives in order to make God's face shine through us. Thus, we His children would be able to reflect our wonderful God through our refined lives and set an example for other.

The main purpose of purification is not only to refine us but also to change and mould us into something useful. The Bible says in *Proverbs 25:4, 'Remove impurities from the silver and the silversmith can craft a fine chalice'.* Thus refining our lives makes us useful vessels in God's hands to fulfil His purpose on earth.

Dear friends, remember, today if you feel the heat of the fiery trials in your life; do not panic because you are safe in God's hands and He has His eyes on you. He will not let you to be perished but will watch over you until you come out refined and pure.

"He will sit as a refiner and a purifier of silver; He will purify the sons of Levi, And purge them as gold and silver, That they may offer to the Lord An offering in righteousness" (Malachi 3:3)

कलीसिया का योगदान

पास्टर अमित गुरनानी, मुंबई.

प्रेरित पौलुस ने सीलास को साथ लेकर अपनी दूसरी मिशनरी यात्रा आरंभ की और दिरबे, लुस्त्रा में जाकर तीमुथियुस नामक एक चेले को साथ लिया। वे नगर नगर जाते हुए उन विधियों को जिन्हें प्रेरितों और प्राचीनों ने ठहराई थी, मानने के लिए कलीसियाओं को पहुंचाते गए और कलीसियाएं स्थिर हुई और संख्या में प्रतिदिन बढ़ती गईं। इस प्रकार वे फ्रूगिया और गलतिया प्रदेशों में से होकर गए। पवित्र आत्मा ने उन्हें एशिया और बितूनिया नामक जगहों में जाने से रोका और जब वे त्रोआस में आए, प्रेरित पौलुस को दर्शन मिला कि वे मकिदुनिया में जाएं और वहां से वे जहाज खोलकर फिलिप्पी नगर पहुंचे और वह नगर मकिदुनिया प्रांत का एक मुख्य नगर था और वह बस्ती विशेष कर रोमियो की बस्ती कहलाती थी और वहां उन्होंने सुसमाचार सुनाने का काम आरंभ किया।

फिलिप्पी में प्रेरित पौलुस की सेवा (प्रेरितों. १६:११–४०)

१. प्रेरित पौलुस की फिलिप्पी में सुसमाचार सेवा बहुत ही अच्छे परिणाम स्वरूप दिखाई देती है और सेवा में उसके द्वारा की गई कड़ी मेहनत एक कलीसिया का आरंभ करती है। सब्त के दिन, नगर के फाटक के बाहर नदी के किनारे पौलुस, सीलास और तीमुथियुस प्रार्थना का स्थान ढूंढने गए। तब वहां उन्हें कुछ स्त्रियां इकट्ठी हुई मिली और पौलुस उनसे बातें करने लगा। परमेश्वर ने उनमें से लुदिया नामक थुआथीरा नगर की बैंजनी कपड़े बेचने वाली एक भक्त स्त्री का मन खोला कि उनकी बातों पर चित लगाए और उसने अपने घराने समेत बपतिस्मा लिया (प्रेरितों.१६:१४,१५)।

२. पौलुस और सीलास बंदीगृह में रहते समय, दारोगा और परिवार यीशु मसीह पर विश्वास कर बपतिस्मा लेते हैं (प्रेरितों.१६:२९-३४)।

३. इनके अलावा और भी भाइयों का जिक्र किया गया है(प्रेरितों.१६:४०)

४. और फिलिपियों के ख़त में पौलुस कुछ भाइयों और बहनों का भी जिक्र करता है, जिनमें से यूओदिया, सुन्तुखे, क्लेमेंस और अन्य सहकर्मी शामिल हैं (फिलि.४:२,३)। इस प्रकार, पौलुस की सुसमाचार सेवा बढ़ी और फलवंत हुई।

फिलिप्पी की कलीसिया, पौलुस के क्लेश की गवाह (प्रेरितों. १६:१६–४०)

कलीसिया ने स्वयं पौलुस को सुसमाचार के कारण होनेवाले दु:ख और क्लेश को प्रत्यक्ष देखा है। जब पौलुस ने एक दासी को जिसमें भावी कहने वाली आत्मा थी और अपने स्वामियों के लिए बहुत कुछ कमा लाती थी, उस आत्मा से आज़ाद किया। उसके स्वामियों ने जब देखा कि उनकी कमाई की आशा जाती रही तो पौलुस और सीलास को षड्यंत्र करके झूठे आरोप में पकड़वा दिया और हाकिमों ने उनके कपड़े फाड़कर उतार डालें और उन्हें बेंतें लगवा कर बंदीगृह में डाल दिया और उन्हें भीतर की कोठरी में रख, उनके पांव काठ में ठोंक दिए। उन रोमी निवासियों ने पौलुस और सीलास को यहूदी समझकर उन पर ये आरोप लगाए थे। परंतु तीमुथियुस को, यूनानी जानकर नहीं पकड़ा। और जब उन्होंने यह जाना कि पौलुस एक रोमी है तो वे डर गए और उन्हें आदर पूर्वक बंदीगृह से छोड़ा गया।

कलीसिया ने भी यह अनुग्रह प्राप्त किया कि न केवल यीशु पर विश्वास करें पर उसके लिए दु:ख भी उठाएं (फिलि.१:२९)। पौलुस कलीसिया को सूचित करता है कि उसके दुखों से सुसमाचार की घटती नहीं परंतु बढ़ती ही हुई है (फिलि.१:१२-१८)।

फिलिप्पी की कलीसिया का पौलुस की सेवा में सहयोग (फिलि.४:१४)

कलीसिया, न केवल पौलुस के सुसमाचार सेवा और उसके दुखों की गवाह रही परंतु वह पौलुस के कार्यों में, दुखों में हर बात में उसकी सहयोगी और सहभागी रही है। इसलिए पौलुस भी उनके विषय में कहता है कि तुमने भला किया कि मेरे क्लेश में मेरे सहभागी हुए (फिलि.४:१४)।

१. सुसमाचार के संबंध में (फिलि.१:५,६, ३०; ४:२,३)

सुसमाचार सुनाना एक अच्छा कार्य है, जिसे सुनाने में यह कलीसिया पौलुस की सहभागी रही और वैसा ही परिश्रम भी किया जैसे उन्होंने पौलुस को करते देखा। यूओदिया, सुन्तुखे, क्लेमेंस और अन्य सहकर्मी के नाम लेते हुए, पौलुस बताता है कि इन्होंने उसके साथ सुसमाचार सेवा में परिश्रम किया, जिनके नाम जीवन की पुस्तक में लिखें हुए हैं।

२. नैतिक और आतिथ्य के संबंध में (फिलि. २:२५-३०)

पौलुस के पहले रोमी बंदीगृह के दौरान जब वह घर में सैनिकों द्वारा नजर बंदी था, कलीसिया ने पौलुस का हाल जानने और उसकी सेवा करने के लिए भाई इपफ्रुदीतुस को उसके पास भेजा और उसने भी पौलुस की जी जान से सेवा की। पौलुस सूचित करता है कि भाई इपफ्रुदीतुस यहां तक बीमार हो गया था की मरने पर था परंतु परमेश्वर ने उस पर और पौलुस पर दया की और उसे चंगा किया। वह मसीह के काम के लिए अपने प्राणों पर जोखिम उठाकर मृत्यु के निकट आ गया था ताकि जो घटी कलीसिया की ओर से पौलुस की सेवा में हुई, वह उसे पूरा करे।

३. भौतिक और आर्थिक सहायता के संबंध में (फिलि.४:१०,१४-१९)

इस कलीसिया ने प्रेरित पौलुस को बारंबार सुसमाचार की सेवा में आर्थिक और भौतिक रीति से सहायता की। जब लुदिया का उद्धार और बपतिस्मा हुआ तो जब तक पौलुस, सीलास और तीमुथियुस उस नगर में थे तब तक उसने उन्हें अपने घर में रखा और उनकी सेवा भी की (प्रेरितों.१६:१५,४०)। दारोगा और उसके परिवार ने भी जिस रात विश्वास किया और बपतिस्मा लिया, पौलुस और सीलास के बंधन खोलकर उन्हें घर ले गए और भोजन दिया। जब कलीसिया ने भाई इपफ्रुदीतुस को पौलुस के यहां भेजा, न केवल उसकी सेवा करने के लिए परंतु कुछ वस्तुओं को भी उसके हाथ से जो पौलुस के लिए उपयुक्त थी भेजी। कलीसिया ने केवल उसके बंदीगृह में रहते हुए ही नहीं परंतु जब पौलुस मकिदुनिया से उनके पास से विदा हुआ था और थिस्सलुनीके नगर पहुंचा, उस दौरान भी इन्होंने पौलुस की सहायता की।

पौलुस की दूसरी मिशनरी यात्रा करीब ४९ से ५२ में हुई। हम कह सकते हैं कि पौलुस की सुसमाचार सेवा फिलिप्पी नगर में करीब ४९ में हुई। वह यह पत्र रोम की पहली कैद से लिखता है, जोकि करीब ५९ से ६१ की अवधि में थी। यानी की यह कलीसिया जो फिलिप्पी नगर में स्थित थी, १०-१२ साल में भी इनका प्रेम प्रेरित पुलिस के प्रति कम नहीं हुआ और उनके फल भी स्थिर बने रहे। इस प्रकार फिलिप्पी की कलीसिया ने अपने मसीही फलों को प्रकट करते हुए परमेश्वर की महिमा और स्तुति की (फिलि.१:११)। और पौलुस ने वहां की हुई सेवा, किस प्रकार से प्रभावी और असरदार ठहरी उनके इन गुणों से हम पहचान सकते हैं। ●

ദൈവത്തിന്റെ വിചാരങ്ങൾ

പാസ്റ്റർ ബാബു ചെറിയാൻ

“എന്റെ വിചാരങ്ങൾ അല്ല നിങ്ങളുടെ വിചാരങ്ങൾ നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കു മീതെ ഉയർത്തിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു” (യെശ. 55:8,9).

യേശുവും ശിഷ്യന്മാരുമായി ഒരു പടകിൽ ഗലീല കടലിലൂടെ യാത്ര ചെയ്യുമ്പോൾ അസഹനീയമായ കൊടുങ്കാറ്റ് അടിച്ചത് ഓർമ്മയുണ്ടല്ലോ. പടകിന്റെ അമരത്ത് തലവെച്ച് ഉറങ്ങുകയായിരുന്ന യേശുവിനെ ശിഷ്യന്മാർ കുലുക്കി വിളിച്ചിട്ട് ചോദിച്ച ഒരു ചോദ്യമുണ്ട്. ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്ക് വിചാരമില്ലയോ? ഈ ചോദ്യം നൂറ്റാണ്ടുകളായി ഞാനും നിങ്ങളും ആവർത്തിച്ചുകൊണ്ടിരിക്കുകയാണല്ലോ. ജീവിതത്തിൽ ഒരു ചെറിയ പ്രയാസം വരുമ്പോൾ കർത്താവ് നമ്മെ മറന്നു പോയെന്നും അവന് നമ്മെക്കുറിച്ച് വിചാരമില്ലെന്നും നമ്മൾ എത്രയോ പ്രാവശ്യം ചിന്തിച്ചിട്ടുണ്ട്. അങ്ങനെയുള്ള എല്ലാവരോടും കർത്താവിനും പറയാൻ ഒരു മറുപടിയേയുള്ളൂ. എന്റെ വിചാരങ്ങളല്ല നിങ്ങളുടെ വിചാരങ്ങൾ.

അവന്റെ വിചാരങ്ങൾ അവനെ കുറിച്ചല്ല സ്വർഗ്ഗത്തെ കുറിച്ചുമല്ല നിന്നെയും എന്നെയും കുറിച്ചാണ് എന്നതാണ് ആശ്ചര്യപ്പെടുത്തുന്ന സത്യം. എന്നാൽ നമ്മുടെ വിചാരങ്ങൾ 99 ശതമാനവും നമ്മെ കുറിച്ചും മക്കളെക്കുറിച്ചും നമ്മുടെ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചുമല്ലയോ?

രണ്ടാമത്തെ സത്യം ദൈവത്തിന്റെ വിചാരം എന്നെക്കുറിച്ചും നിങ്ങളെക്കുറിച്ചും മാത്രമാകുന്നു എന്നുള്ളതാണ്. നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീയുണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ അവൻ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തു മാത്രം (സങ്കീ. 8:4). എന്റെ ദൈവമായ യഹോവേ നീ ചെയ്ത അത്ഭുത പ്രവർത്തികളും ഞങ്ങൾക്ക് വേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു. നിന്നോട് സദൃശൻ ആരുമില്ല. ഞാൻ അവയെ വിവരിച്ചു പ്രസ്താവിക്കുമായിരുന്നു, എന്നാൽ അവ എണ്ണി കൂടാതെവണ്ണം അധികമാകുന്നു (സങ്കീ. 40:5). പ്രിയപ്പെട്ട സഹോദരങ്ങളെ നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ വിചാരങ്ങൾ എണ്ണിക്കൂടാതവണ്ണം അസംഖ്യമാകുന്നു. ഇത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ വീടിന്റെ കതകു തുറന്നു മുറ്റത്തേക്കിറങ്ങുക. പറന്നുപോകുന്ന കാക്കകളോടും മരക്കൊമ്പിലിരുന്ന് പാട്ട് പാടുന്ന കിളികളോടും സ്വകാര്യം പറയുന്ന കുഞ്ഞു കുരുവികളോടും ചോദിക്കുക അവർ നിങ്ങളോട് പറയും ഞങ്ങളെ കുറിച്ച് വിചാരമുള്ള ഒരു ദൈവമുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ ഇതുവരെ ആത്മഹത്യ ചെയ്യാത്തത്. ഞങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലും മദ്യപാനമോ മയക്കുമരുന്നുപയോഗമോ ഉള്ളതായി കേട്ടിട്ടുണ്ടോ. എന്നാൽ നിങ്ങൾ മനുഷ്യരാകട്ടെ മദ്യപിക്കുന്ന സുബോധം നഷ്ടപ്പെട്ട സ്വന്തം കുടുംബത്തെ തല്ലിത്തകർത്ത് കൊലപാതകത്തിലേക്കും ആത്മഹത്യയിലേക്കും മനുഷ്യസമൂഹത്തെ മൊത്തത്തിൽ വലിച്ചിഴക്കുന്നു.

മനുഷ്യാ നിനക്കായി നിത്യവും വിചാരിക്കുകയും കരുതുകയും ചെയ്യുന്നൊരു ദൈവമുണ്ട്. ആകയാൽ വിശ്വസിക്കുക ആകുലതകളോട് വിട പറയുക ധൈര്യപ്പെടുക.

മനമേ ചഞ്ചലമെന്തിനായ്
കരുതാൻ വല്ലഭനില്ലയോ
ജയവീരനാം ആ.... ആ.... (മനമേ)
വാനിലെ പറവകൾ പുലരുന്നു
നന്നായ്
വയലിലെ താമര വളരുന്നു
കാലമെല്ലാമുള്ള മനുവേലൻ
കരുതാതെ കൈവിടുമോ....
ആ... ആ... (മനമേ...)

പ്രാർത്ഥന

ഞങ്ങൾക്കുവേണ്ടി വിചാരപ്പെടുന്ന ഞങ്ങളുടെ ദൈവമേ മാതാപിതാക്കളെക്കാൾ ഉപരിയായി മക്കളേക്കാൾ അധികമായി ബന്ധു ജനങ്ങളേക്കാൾ ഭരണാധികാരികളേക്കാൾ അധികമായി ഞങ്ങൾക്കുവേണ്ടി വിചാരപ്പെടുന്ന ഞങ്ങളുടെ കർത്താവേ, ഞങ്ങളെക്കുറിച്ചുള്ള വിചാരം വെടിഞ്ഞ് മുന്നമെ അങ്ങയുടെ രാജ്യവും നീതിയും അന്വേഷിപ്പാൻ കൃപ തരേണമേ... ആമേൻ...

If you have been blessed by this Magazine please introduce it to others.

To receive this magazine please contact :

Suvartha Publications
P.O. Box No. 17082, Tilaknagar, Chembur, Mumbai - 400 089
Mob.: 9821 33 22 73

MATRIMONIAL

Syrian Christian Pentacostal Parents prayerfully invite marriage proposals for their God fearing, Spirit filled, born again, baptised, non ornament wearing daughter (Age: 27 Yrs, Height: 155 cm, Complexion: Fair). She is a MBBS Graduate with Kerala Medical Council Registration and currently seeking opportunities for PG. Seeking suitable proposals from born again, baptised, God fearing, Spirit filled Pentecostal professional grooms.

Kindly contact : +91 9322970525

വിശ്വാസിയും വിശുദ്ധിയും

പാസ്റ്റർ എം. കെ. ജോർജ്ജ്

വിശുദ്ധിയുടെ വെടിപ്പും വെണ്മയും

പൊരിവെയിലിന്റെ തീപ്പൊള്ളലിൽ ഒരു ദാഹശാന്തി. തെളിനീരിന്റെ പരന്നൊഴുക്കിൽ ഒരു മുങ്ങിക്കുളി പണിയെടുത്ത പകലന്തിയിൽ ഒരു സുഖനിദ്ര. ഇവ ശരീരത്തിന് ഉന്മേഷം പകരുന്നു.

ഇരുളിന് ആഴമായ വെൺനിലാവെട്ടം പുലരിക്ക് പുതുമ ചാർത്തും മഞ്ഞിൻ കണങ്ങൾ, മൺതട്ടിനെ പട്ടുടുപ്പിക്കും പച്ചിലച്ചാർത്തുകൾ ഇവ മനസ്സിനു കുളിർമ നൽകുന്നു.

ക്രിസ്തുവിൽ നിന്നേറ്റുവാങ്ങിയ ആത്മരക്ഷയുടെ അകംപൊരുൾ. സത്യത്തിൽ കടഞ്ഞെടുത്തു മനസ്സിന്റെ ഉൾക്കാതൽ. ദൈവഭയത്തിൽ ഉൾനട്ട വ്രതശുദ്ധി. ഇവ ഹൃദയത്തിൽ നിത്യജീവൻ നിറക്കുന്നു. പ്രകാശം സൂര്യന്റെ മുഖച്ഛായ, സുഗന്ധം പൂവിന്റെ ജന്മവാസന, പരിശുദ്ധി ദൈവത്തിന്റെ ആത്മസത്ത.

ബൈബിളിൽ കാണുന്ന ദൈവത്തിന്റെ പ്രസക്തി നിലനിൽക്കുന്നത് ഈ ദൈവം 'ഹിമാലയം' സൃഷ്ടിച്ചു എന്നതിലല്ല പാപമോചനത്തിന് വഴിയൊരുക്കി വിശ്വസിക്കുന്നവന്റെ ഹൃദയത്തെ ദൈവാലയമാക്കി മാറ്റി എന്നതിലാണ്.

ഞങ്ങൾ നിങ്ങളോട് പെരുമാറിയത് ലോകജ്ഞാനം, നിമിത്തമല്ല ദൈവം തന്റെ കൃപയിലൂടെ നൽകുന്ന വിശുദ്ധിയിലും നിർമ്മലതയിലുമാണെന്ന് വിദ്യാസമ്പന്നനായിരുന്ന പൗലോസ് പ്രസ്താവിക്കുമ്പോൾ വിശ്വാസിയുടെ വിശുദ്ധ ജീവിതത്തിൽ ദൈവത്തിനുള്ള പ്രഥമസ്ഥാനം വ്യക്തമാകുന്നു.

പാലിലും പ്രാണവായുവിലും കൂടി വെള്ളത്തിൽ മാത്രമല്ല, കുടിവെള്ളത്തിൽ പോലും മായം കലരുന്നത് നമുക്ക് ഇഷ്ടമല്ലെങ്കിൽ മായം കലരാത്ത പൂർണ്ണമായും രക്ഷകനിൽ കേന്ദ്രീകൃതമായ ഒരു ഹൃദയം വിശ്വാസിക്ക് അനിവാര്യമാണ്. 'വിശുദ്ധന്റെ അകമെയുള്ള ആളത്വത്തിന് ദീർഘായുസ്' ലഭിക്കുന്നത് പ്രാർത്ഥനയും വചനധ്യാനവും വഴിയുള്ള ആരോഗ്യപരിപാലനത്തിലൂടെയാണ്. വിശുദ്ധിയിൽ വളരുവാനുള്ള ഉൾപ്രേരണ ദൈവഭയത്തിൽ നിന്നാണ് ലഭിക്കുന്നതെന്ന കൊരിന്ത്യലേഖനത്തിലെ പ്രബോധനം ഇവിടെ പ്രസക്തമാകുന്നു.

വിശുദ്ധി പഴയ പുതിയ നിയമങ്ങളിൽ പരിശുദ്ധനായ ദൈവത്തെയാണ് വേദപുസ്തകം പ്രകാശമാനമാക്കുന്നത്. വിശുദ്ധി ദൈവത്തിന്റെ സൽഗുണം മാത്രമല്ല ദൈവാസ്തിത്വത്തിന്റെ അടിസ്ഥാനമാണത്. പരിശുദ്ധമായ അടിത്തറയിൽ നിന്നുകൊണ്ടാണ് ദൈവം ഏതു പ്രവൃത്തിയും ചെയ്തെടുക്കുന്നത്. സാറാഫുകൾ എന്ന ദൂതസഞ്ചയം പറന്നു നിന്നുകൊണ്ട് പരസ്യപ്പെടുത്തുന്നു. സർവ്വശക്തനായ യഹോവ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ. ദൈവം സർവ്വശക്തനാണെന്ന് പറഞ്ഞിട്ട് ആ ദൈവം പരിശുദ്ധനാണെന്ന് മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയുന്നു. ദൈവത്തിന്റെ നീതി, വൻകൃപ, കരുണ, മഹാദയ, ദീർഘക്ഷമ, നിത്യസ്നേഹം തുടങ്ങി ദൈവത്തിന്റെ കോപം വരെ പരിശുദ്ധിയിൽ അടിസ്ഥാനപ്പെട്ടതാണ്.

മോശെ ചെരുപ്പിട്ട് ആടിനെ മേയിച്ച് പലപ്പോഴും നടന്നിട്ടുള്ള സ്ഥലത്തേക്ക് യഹോവ ഇറങ്ങിവന്നപ്പോൾ അത് വിശുദ്ധ ഭൂമിയായി മാറി. ദൈവത്തിന്റെ സാന്നിദ്ധ്യമാണ് വിശുദ്ധിയുടെ അടിവേര് എന്ന ആദ്യപാഠം. അപ്പോൾ മോശെയുടെ മനസ്സിൽ പതിഞ്ഞു. വിശുദ്ധിയിൽ മഹിമയുള്ളവനേ നിനക്കു തുല്യൻ ആര് എന്ന് പിന്നീട് മോശെയും യിസ്രായേൽ ജനവും ചോദിക്കുന്നു (പുറ. 15:11).

ഞാൻ മനുഷ്യനല്ല ദൈവം അത്രേ നിന്റെ നടുവിൽ പരിശുദ്ധൻ തന്നെ എന്ന് യിസ്രായേലിനോട് ദൈവം പറയുന്നതിൽ നിന്നും വിശുദ്ധി എന്നതിന് ബൈബിൾ നൽകുന്ന അടിസ്ഥാന ആശയം ദൈവത്തിനുവേണ്ടി വേറിട്ടു നിൽക്കുക എന്നാണെന്ന് മനസ്സിലാക്കാം (ഹോശ. 11:9).

ലൗകീക സ്വഭാവത്തിൽ നിന്നും അകലം പാലിച്ചുകൊണ്ട് ദൈവത്തിന്റെ സാന്നിദ്ധ്യവും സാമീപ്യവും വഴിയായി ദൈവീക സ്വഭാവത്തിലേക്ക് വളർന്നു വരുന്നതാണ് വിശുദ്ധി.

ഹൃദയം നുറുങ്ങാതെ യാഗമൃഗത്തെ നുറുക്കിയാൽ...

ആചാരപരമായ ബാഹ്യവിശുദ്ധിയുടെ കർശന നിർദ്ദേശങ്ങൾ നൽകിയ ദൈവം ഒട്ടും വിട്ടുവീഴ്ച കൂടാതെ യാണ് ഹൃദയപരമായ ആന്തരിക വിശുദ്ധിയുടെ അനുശാസനങ്ങളും പഴയനിയമത്തിൽ നൽകിയത്. കൃപയാലുള്ള രക്ഷ നിവർത്തിതമായത് ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളോടെയാണ് എന്നതും പഴയനിയമത്തിലായാലും പുതിയനിയമത്തിലായാലും ജനം ആന്തരികമായി വിശുദ്ധിയോടെ തന്നെ ആരാധിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നതും പരമസത്യം തന്നെ. ശരീരം വൃത്തിയായി സൂക്ഷിച്ചാൽ മതിയെന്ന് പഴയനിയമവും ഹൃദയം ശുദ്ധമാക്കണം എന്ന് പുതിയ നിയമവും പറയുന്നു എന്ന ചിന്ത വികലമായ നിരീക്ഷണമാണ്.

'പാപം ചെയ്യൂ, ആടിനെ അറക്കൂ. ജീവിതം ആസ്വദിക്കൂ' എന്ന പരസ്യഫലകമൊന്നും പഴയ നിയമത്തിൽ നാട്ടിയിട്ടില്ല. പാപത്തിന്റെ ആവർത്തനത്തെ യാഗങ്ങളുടെ എണ്ണത്താൽ മറയ്ക്കാമെന്ന് പഴയനിയമം പഠിപ്പിക്കുന്നില്ല. യാഗമർപ്പിക്കുന്ന ആടുകളുടെ എണ്ണമനുസരിച്ചാണ് പഴയനിയമത്തിൽ വിശുദ്ധിയുടെ ഗ്രാഫ് ഉയർന്നിരുന്നെതങ്കിൽ ഒരു ലക്ഷത്തി ഇരുപതിനായിരം

ആടുകളെ ഒറ്റ ദിവസം യാഗമർപ്പിച്ച ശലോമോൻ 'പരമവിശുദ്ധ പട്ടം' നേടി വിശ്വാസവീരന്മാരുടെ പട്ടികയിൽ ഒന്നാമതെത്തുമായിരുന്നു. ഒരുവൻ 'അബദ്ധവശാൽ' പിഴച്ചാൽ അവനു വേണ്ടി യാഗം അർപ്പിക്കണമെന്നാണ് ലേവ്യാപുസ്തകത്തിൽ ആവർത്തിച്ചു പറയുന്നത്.

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം 'മനപൂർവ്വം' പാപം ചെയ്താൽ പിന്നെ ശിക്ഷണമല്ല ശിക്ഷ തന്നെ ലഭിക്കുമെന്ന് എബ്രായ ലേഖനവും പറയുന്നു. വന്നുപോയ വീഴ്ചകളിൽ കുറെ ബോധമുണ്ടായി ഹൃദയം നുറുങ്ങാതെ വെറുതേ ആടിനെ നുറുക്കി യാഗപീഠത്തിൽ വെച്ചാൽ ദൈവം പ്രസാദിക്കയില്ല എന്നതാണ് 51-ാം സങ്കീർത്തനത്തിലെ അനുഭവസാക്ഷ്യം. ആരാധനയുടെ അനിവാര്യത വിശുദ്ധിയുടെ സുതാര്യതയിൽ താൻ ദർശനത്തിൽ കണ്ട പരിശുദ്ധനായ ദൈവം യിസ്രായേലിന്റെ യാഗങ്ങളെ ചോദ്യം ചെയ്യുന്നതായി യെശയ്യാവ് പറയുന്നു. വിശുദ്ധിയുടെ സുതാര്യതയിൽ മാത്രമേ യാഗവും ആരാധനയുമൊക്കെ അനിവാര്യമാകുന്നുള്ളൂ എന്ന സത്യത്തിന്റെ പ്രകാശനം കൂടിയാണിത്.

വിശുദ്ധ സഭായോഗം വിശുദ്ധ ശബ്ബത്ത്, വിശുദ്ധ സ്വർഗ്ഗം, വിശുദ്ധ സിംഹാസനം, വിശുദ്ധ പർവ്വതമായ സീയോൻ എന്നീ പഴയനിയമ പ്രയോഗങ്ങളൊക്കെ ഇവിടെ ശ്രദ്ധേയമാകേണ്ടതാണ്.

പരിശുദ്ധനായ ദൈവം തന്റെ തേജസ്സിൽ ആലയത്തിലിറങ്ങി വസിച്ചിരുന്ന കാലയളവിലെ ആചാരപരമായ ശുചിത്വനിയമം ദൈവം മനുഷ്യനായി ഭൂമിയിൽ വസിച്ചതായി കൃപയുടെ കാലയളവിൽ നീങ്ങിപ്പോയി എന്നതാണ് പുതിയനിയമത്തിൽ കാണുന്ന വ്യത്യാസം. രക്ഷകനായ കർത്താവ് നൽകിയ വിശുദ്ധിയുടെ സൂഷ്മമായ നിർവ്വചനവും ആ വിശുദ്ധിയെ ആപ്തവാക്യമായെടുത്ത ആദിമ സഭയുടെ നേരനുഭവങ്ങളും ആത്മവിശുദ്ധിയുടെ അനുബന്ധ പാഠങ്ങളുമായണ് പുതിയ നിയമത്തിൽ ദൈവജനത്തിനായി നൽകിയിരിക്കുന്നത്.

ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരിക്കുവിൻ എന്ന് മോശെ മുഖാന്തിരം ദൈവം അരുളിചെയ്ത വചനം പത്രോസ് പുതിയ നിയമത്തിൽ ഉദ്ധരിക്കുന്നു.

തന്നെ വിട്ടിട്ടു പോയ ലോത്തിന്റെ പ്രതിസന്ധിയിൽ അവനെ വിടുവിച്ച് തിരികെക്കൊണ്ടു വന്ന അബ്രഹാം സഹനത്തിന്റെ വേദനയിലും സഹാനുഭൂതി കാണിക്കാതെ തന്നെ തള്ളിപറഞ്ഞ സഹയാത്രികർക്കായി പ്രാർത്ഥിച്ച ഇയ്യോബ്. നീ ജനത്തിന്റെ പാപം ക്ഷമിക്കേണമേ, അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നു എന്റെ പേർ മായിച്ചു കളയേണമെ എന്ന് പ്രാർത്ഥിച്ച മോശെ, യിസ്രായേൽ ജനത്തിന്റെ വീഴ്ചകൾ സ്വയമായി ഏറ്റെടുത്ത് ഉപവാസം അനുഷ്ഠിച്ച ദാനിയേൽ, താൻ ക്രിസ്തുവിൽ നിന്നകന്ന് ശാപഗ്രസ്തനായാൽ സഹോദരന്മാർക്ക് വിടുതൽ ലഭിക്കുമെങ്കിൽ അതിനും തയ്യാറാണെന്ന് പ്രഖ്യാപിച്ച പൗലോസ് ഈ പഴയ പുതിയ നിയമ വിശുദ്ധന്മാരിൽ എല്ലാം ഒരു പോലെ കാണുന്നത് ക്രിസ്തുവിന്റെ ഭാവമാണ്.

വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ, ഇതാ കർത്താവ് വേഗം വരുന്നു എന്നു പറഞ്ഞു കൊണ്ടാണ് ബൈബിൾ അവസാനിക്കുന്നത്. പൗലോസിന്റെ ഒരു പ്രബോധനവാക്യം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ഭാഗം ഇവിടെ അവസാനിപ്പിക്കാം.

പ്രിയമുള്ളവരെ, ഈ വാഗ്ദത്തങ്ങൾ നമ്മുക്ക് ഉള്ളതുകൊണ്ട് നാം ശരീരത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക (2 കൊരി. 7:12).

MISSION PHOTOS

അടിയൊഴുക്കുകൾ-14

തലമുറകളിൽ നിഴലിട്ട ദൈവീക വിശ്വസ്തത ...!!!

പാസ്റ്റർ സജി പീച്ചി

പ്രത്യാശയുടെയും വീണ്ടെടുപ്പിന്റെയും മനോഹരമായ പൂർത്തീകരണമാണ് രൂത്തിന്റെ പുസ്തകം നാലാം അധ്യായം. ദാരിദ്ര്യത്തിലും ദുഃഖത്തിലും തുടങ്ങിയ കഥ സന്തോഷത്തിലും സമൃദ്ധിയിലുമാണ് അവസാനിക്കുന്നത്.

ബേത്‌ലഹേമിലെ ഒരു പ്രഭാതം. നഗരവാതിൽക്കൽ ബോവസ് ഇരിക്കയാണ്. അക്കാലത്ത് സുപ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിച്ചിരുന്നത് നഗരവാതിൽക്കൽവെച്ചായിരുന്നു. ബോവസ് ആരെയോ കാത്തിരിക്കുകയായിരുന്നു. അൽപ്പസമയത്തിനകം നൊവൊമിയുടെ കുടുംബത്തിലെ ഏറ്റവും അടുത്ത വീണ്ടെടുപ്പുകാരൻ അത് വഴിയായി കടന്ന് പോയി. ബോവസ് അവനെ തന്റെ അടുത്തേക്ക് വിളിച്ചു. "സുഹൃത്തേ, ഇങ്ങോട്ട് വരൂ.....! അയാൾ ആ ക്ഷണം സ്വീകരിച്ചു. നഗരത്തിലെ പത്ത് മൂപ്പന്മാരെയും ബോവസ് അതോടൊപ്പം വിളിച്ചുവരുത്തി. എല്ലാവരും ആഗതരായപ്പോൾ ബോവസ് തന്റെ വിഷയം അവരുടെ മുന്നിൽ അവതരിപ്പിച്ചു. "മോവാബിൽനിന്ന് മടങ്ങിവന്ന നൊവൊമിയുടെ ഭർത്താവായ എലീമേലെക്കിന്റെ ഭൂമി വിൽക്കപ്പെടുകയാണ്. അത് വീണ്ടെടുക്കാനുള്ള അവകാശം ആദ്യം ഇദ്ദേഹത്തിനാണ്. ഇദ്ദേഹം അത് വീണ്ടെടുക്കുമെങ്കിൽ വീണ്ടെടുക്കുക; അഥവാ വീണ്ടെടുക്കുന്നില്ലെങ്കിൽ ഞാൻ വീണ്ടെടുക്കാം."

ഏറ്റവും അടുത്ത ചാർച്ചക്കാരൻ സമ്മതിച്ചു. അദ്ദേഹം പറഞ്ഞു. "ഞാൻ വീണ്ടെടുക്കാം" ബോവസ് മറ്റൊരു ഉത്തരവാദിത്വം കൂടെ അയാൾക്ക് നൽകി. "നൊവൊമിയിൽനിന്ന് ഭൂമി വാങ്ങുമ്പോൾ മരിച്ചവന്റെ പേർ അവന്റെ അവകാശത്തിൽ നിലനിർത്തുന്നതിനായി അവന്റെ മോവാബ്യ സ്ത്രീയായ രൂത്തിനെയും ഭാര്യയായി സ്വീകരിക്കണം." അത് കേട്ടപ്പോൾ ആ മനുഷ്യൻ ഒന്ന് പരുങ്ങി. തനിക്കതിൽ താല്പര്യമുണ്ടായിരുന്നില്ല. അയാൾ പറഞ്ഞു. "ഇല്ല, എനിക്ക് അതിന് താല്പര്യമില്ല. എന്റെ വീണ്ടെടുപ്പവകാശം ഞാൻ അങ്ങയെ ഭരമേൽപ്പിക്കുകയാണ്. കഴിയുമെങ്കിൽ ആ ഉത്തരവാദിത്വം താങ്കൾ തന്നെ ഏറ്റെടുക്കുക."

അക്കാലത്ത് അവകാശം മാറുന്നതിന്റെ ഭാഗമായി ഒരാൾ മറ്റൊരാൾക്ക് തന്റെ ചെരിപ്പൂരി ക്കൊടുക്കുന്ന ആചാരം നിലവിലുണ്ടായിരുന്നു. സ്വത്തോ അവകാശമോ കൈമാറ്റം ചെയ്യുന്നതിന്റെ അടയാളമായി ഇസ്രായേലിൽ നിലനിന്നിരുന്ന പഴയ ആചാരമായിരുന്നു ഇത്. ഇത്രയുമായപ്പോൾ അടുത്ത ചാർച്ചക്കാരൻ ഉടമ്പടിയിൽനിന്ന് പിന്മാറുന്നതിന്റെ ഭാഗമായി തന്റെ ചെരിപ്പൂരി ബോവസിന് നൽകി അവകാശം കൈമാറി.

ഈ അനുഗ്രഹീത മുഹൂർത്തത്തിന് മൂപ്പന്മാരും ജനങ്ങളും സാക്ഷികളായി. ബോവസ് പ്രഖ്യാപിച്ചു: "ഇന്ന് നിങ്ങൾ എല്ലാവരും സാക്ഷി നിർത്തി ഞാൻ എലീമേലെക്കിന്റെയും കില്യോന്റെയും മഹ്ലോന്റെയും വകയായതെല്ലാം നൊവൊമിയിൽനിന്ന് വാങ്ങിയിരിക്കുന്നു. അതോടൊപ്പം മഹ്ലോന്റെ ഭാര്യയായ മോവാബ്യസ്ത്രീ രൂത്തിനെയും ഞാൻ ഭാര്യയായി സ്വീകരിക്കുകയാണ്." പട്ടണ മൂപ്പന്മാരുടെയും മാന്യ സദസ്സിനെയും സാക്ഷിയാക്കി രൂത്തിനെ തന്റെ പത്നിയായി സ്വീകരിച്ചു. രൂത്തിന്റെ ഭാവി ഉറപ്പിക്കപ്പെട്ടു. ഒരിക്കൽ മോവാബിൽനിന്ന് നൊവൊമിയോടൊപ്പം ശൂന്യ കൈകളോടെ ബേത്‌ലഹേമിലെത്തിയ രൂത്ത് – ഇപ്പോൾ ബോവസിന്റെ ഭാര്യയായി അവരോധിക്കപ്പെട്ടു. ദൈവം അവളുടെ കണ്ണുനീർ സന്തോഷമാക്കി. യഹോവ രൂത്തിനെ അനുഗ്രഹിച്ചു. അവൾ ഒരു മകനെ പ്രസവിച്ചു. ആ കുഞ്ഞിനെ കണ്ടപ്പോൾ നൊവൊമിയുടെ ഹൃദയം സന്തോഷംകൊണ്ട് നിറഞ്ഞു.

ബേത്‌ലഹേമിലെ സ്ത്രീകൾ അവളെ ചുറ്റിനിന്ന് പറഞ്ഞു: "യഹോവ വാഴ്ത്തപ്പെട്ടവൻ! അവൻ ഇന്ന് നിന്നെ വീണ്ടെടുപ്പുകാരനില്ലാത്തവളാക്കി വിട്ടിട്ടില്ല. ഈ കുഞ്ഞ് നിന്റെ ജീവനെ പുതുക്കുകയും വാർദ്ധക്യത്തിൽ നിന്നെ പോഷിപ്പിക്കുകയും ചെയ്യും." നൊവൊമി കുഞ്ഞിനെ തന്റെ മടിയിൽ എടുത്തു.

ഒരിക്കൽ അവൾ പറഞ്ഞിരുന്നു: "ഞാൻ നിറഞ്ഞവളായി പോയി; യഹോവ എന്നെ ശൂന്യയായി മടക്കിക്കൊണ്ടുവന്നു." എന്നാൽ ഇപ്പോൾ ആ ശൂന്യതയിൽ ദൈവം വീണ്ടും നിറവ് കൊണ്ടുവന്നിരുന്നു. ആ കുഞ്ഞിന് ഓബേദ് എന്ന് പേരിട്ടു. ഓബേദ് വളർന്നു. അവന് ഒരു മകൻ ജനിച്ചു– യിശ്ശായി. യിശ്ശായിക്ക് ഒരു മകൻ ജനിച്ചു – ദാവീദ്. അങ്ങനെ രൂത്ത് ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമായിത്തീർന്നു. മോവാബിൽനിന്ന് അന്യദേശക്കാരിയായി വന്ന ഒരു സ്ത്രീ... നൊവൊമിയുടെ കൂടെ വിശ്വസ്തയായി നിന്ന ഒരു സ്ത്രീ... വയലിൽ കതിരുകൾ പെറുക്കിയ ഒരു സ്ത്രീ...ബോവസിന്റെ ഭാര്യയായി മാറിയ ഒരു സ്ത്രീ... അവൾ ഒടുവിൽ ദാവീദ് രാജാവിന്റെ വംശാവലിയിൽ എത്തി.

നഷ്ടം അവസാനമല്ല. ശൂന്യത അവസാനമല്ല. കാത്തിരിപ്പ് അവസാനമല്ല. ദൈവത്തിന്റെ കൈയിൽ നമ്മുടെ കഥയ്ക്ക് ഇനിയും ഒരു അധ്യായമുണ്ട്. രൂത്തിന് അന്ന് അറിയില്ലായിരുന്നു – അവൾ പെറുക്കിയ ഓരോ കതിരിനും പിന്നിൽ ദൈവത്തിന്റെ ഒരു വലിയ പദ്ധതി ഉണ്ടെന്ന്.

നൊവൊമിക്ക് അറിയില്ലായിരുന്നു – തന്റെ കണ്ണുനീരിന് ശേഷം ഒരു കുഞ്ഞിന്റെ ചിരി വരുമെന്ന്. ബോവസിന് അറിയില്ലായിരുന്നു– താൻ വീണ്ടെടുത്ത ഒരു കുടുംബം ഒരിക്കൽ ഇസ്രായേലിന്റെ രാജവംശത്തിലേക്ക് എത്തുമെന്ന്. മനുഷ്യൻ കാണുന്നത് ഇന്നാണ്; ദൈവം കാണുന്നത് തലമുറകളാണ്. ●

സാഹചര്യങ്ങൾ മാറിയാൽ ?

ജാസ്മിൻ ഫിലിപ്പ്

ഒരു മനുഷ്യായുസ്സ് സുഖദുഃഖ സമ്മിശ്രമാണ്. ഒരേ അളവിൽ സന്തോഷമോ ദുഃഖമോ ആരുടേയും ജീവിതത്തിൽ ഉണ്ടാകാറില്ല. രാത്രിയായാൽ തീർച്ചയായും പകൽ ഉണ്ടാകും. മഴ നിർത്താതെ പെയ്ത് പേമാരി ആയാലും ചില മണിക്കൂറുകളോ ദിവസങ്ങളോ കഴിയുമ്പോൾ അത് തോരും. അങ്ങനെ പ്രകൃതിയിൽ തന്നെ എല്ലാം സമ്മിശ്രമായി ജഗന്നിയന്താവ് സന്തുലിതമായ അവസ്ഥയിൽ പരിപാലിക്കുന്നത് പോലെ മനുഷ്യജീവിതത്തിലും അവസ്ഥാന്തരങ്ങളിലൂടെ ബാലൻസ് നിലനിർത്തി കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നു. എന്നാൽ സാഹചര്യങ്ങൾ മാറി വരുമ്പോൾ നാം മനുഷ്യർ മാറിപോകുന്നുണ്ടോ ? ദൈവവചനം പറയുന്നു യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെയെന്ന്.(എബ്രായർ 13:8). യേശുക്രിസ് തുവിന്റെ സ്വഭാവങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അവനെന്നും മാറ്റം ഇല്ലാത്തവൻ ആണെന്നത്. മലാഖി 3:6 ൽ പറയുന്നു "യഹോവയായ ഞാൻ മാറാത്തവൻ". സാഹചര്യങ്ങൾ മാറും ദൈവം മാറുകയില്ല. സുഹൃത്തുക്കൾ മറന്നുപോകും ബന്ധങ്ങൾ തകരാം പക്ഷേ നമ്മുടെ നല്ല ഇടയൻ ഒരിക്കലും മാറുകയില്ല. ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൽ ദാവീദ് പറയുന്നത് ശ്രദ്ധിച്ചാൽ പച്ചയായ പുൽപുറങ്ങളിൽ യഹോവ കൂടെയുണ്ട്, നീതി പാതകളിൽ അവൻ കൂടെയുണ്ട്. സ്വസ്ഥതയുള്ള വെള്ളത്തിൻ അരികെ അവൻ നടത്തുന്നു അവിടെയും അവൻ കൂടെ ഇരിക്കുന്നു, ഇനി കൂരിരുളിൻ താഴ്‌വരയിൽ കൂടി നടക്കുമ്പോഴും അവൻ കൂടെ ഇരിക്കുന്നു. ശത്രുക്കൾ ചുറ്റും ഉണ്ടായാലും അവർ കാൺകെ വിരുന്നൊരുക്കുന്ന ഒരു ദൈവം. സാഹചര്യങ്ങൾ മാറുന്നു സ്ഥലം മാറുന്നു പക്ഷേ നല്ല ഇടയൻ മാറാതെ കൂടെ ഇരിക്കും.

ജോസഫിന്റെ ജീവിതത്തിലും സാഹചര്യങ്ങൾ മാറിമാറി വന്നു. എന്നാൽ ജോസഫിനോട് കൂടെയിരുന്ന ദൈവം മാറിയില്ല. (ഉൽപ്പത്തി 39 :2.) പ്രധാനപ്പെട്ട മറ്റൊരു കാര്യം യോസഫും സാഹചര്യങ്ങൾക്കനുസരിച്ച് മാറിയില്ല എന്നതാണ്. പിതാവിൻറെ ഭവനത്തിൽ നിന്ന് പൊട്ടക്കിണർ അവസ്ഥയിലേക്കും അവിടെ നിന്ന് പൊതിഫറിന്റെ വീട്ടിലേക്കും അവിടെനിന്ന് തടവറയിലേക്ക് തടവറയിൽ നിന്ന് കൊട്ടാരത്തിലേക്കു. സാഹചര്യങ്ങൾ ഒരുപാട് മാറിമാറി വന്നു സ്ഥലങ്ങൾ മാറി എന്നാൽ ജോസഫിന്റെ സ്വഭാവത്തിന് മാറ്റം സംഭവിച്ചില്ല. യോസഫിന് തെറ്റ് ചെയ്യാമായിരുന്നു സഹോദരങ്ങളോട് കഠിനപ്പെടാമായിരുന്നു അധികാരമുപയോഗിച്ച് എന്തും ചെയ്യാമായിരുന്ന പദവി ഉണ്ടായിട്ടും യോസഫ് ജോസഫ് ആയി തന്നെ ജീവിച്ചു. ജോസഫിനോട് കൂടെയിരുന്ന ദൈവത്തെ വിട്ടു മാറുവാൻ അവൻ താൽപര്യപ്പെട്ടില്ല.

ദാനിയേലിന്റെയും ജീവിതത്തിൽ സാഹചര്യങ്ങൾ മാറിമാറി വന്നു പക്ഷേ ദാനിയേലിന്റെ കൂടെ ഇരുന്ന ദൈവത്തെ വിട്ടു മാറുവാൻ ദാനിയേൽ തയ്യാറായില്ല. കാരാഗ്രഹമാണ് എങ്കിലും തീച്ചൂളയാണെങ്കിലും സിംഹക്കുഴിയാണെങ്കിലും രാജകൊട്ടാരത്തിലെ ഉന്നതമായ പദവി ആണെങ്കിലും ഏത് സാഹചര്യത്തിലും യഹോവയെ വിട്ടുമാറാൻ ദാനിയേലും കൂട്ടരും തയ്യാറായില്ല. പൗലോസും ശീലാസും തടവറയിൽ അകപ്പെട്ടപ്പോഴും പരാതി പറയാതെ ദൈവത്തെ പാടി സ്തുതിച്ചു. അവർക്കുമുന്നിൽ തടവറയുടെ വാതിലുകൾ തുറക്കുമോ ഇല്ലയോ എന്നുള്ളത് അവരുടെ വിഷയം ആയിരുന്നില്ല. ഏതവസ്ഥയിലും അവരോടുകൂടെ ഇരിക്കുന്ന ദൈവത്തെ സന്തോഷത്തോടെ സ്തുതിക്കുന്ന സ്വഭാവത്തിൽ നിന്ന് അവരും മാറിയില്ല.

നാം നമ്മുടെ ജീവിതത്തിലേക്ക് ഒന്ന് നോക്കുകയാണെങ്കിൽ സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ ദൈവവുമായുള്ള ബന്ധത്തിൽ എപ്രകാരമാണ് നാം ആയിരിക്കുന്നത്. പ്രശ്നങ്ങളും പ്രതിസന്ധികളും ജീവിതത്തിൽ ഉണ്ടാകുമ്പോൾ നമ്മുടെ ബന്ധം എപ്രകാരമാണ്. അവസ്ഥകൾ മാറുന്നതനുസരിച്ച് ദൈവത്തോട് അടുത്ത് ചെല്ലുവാൻ നാം തയ്യാറാകുന്നുണ്ടോ? ഇസ്രായേൽ മക്കളുടെ പ്രയാണ കാലത്ത് സാഹചര്യങ്ങൾ മാറി വരുന്നതനുസരിച്ച് അവർ ദൈവത്തോട് പിറുപിറുക്കുകയും ദൈവത്തോട് മത്സരിക്കുകയും ചെയ്തിരുന്നു. ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുമ്പോൾ സന്തോഷിക്കുകയും ദൈവത്തിൽ നിന്ന് ലഭിക്കുന്നില്ല എന്ന തോന്നൽ ഉണ്ടാകുമ്പോൾ ദൈവത്തോട് മത്സരിക്കുകയും ചെയ്യുന്ന സ്വഭാവം ഇസ്രായേൽ മക്കളുടെ ജീവിതത്തിൽ ഉണ്ടായിരുന്നു. ഈ അനുഭവം ഇന്ന് നാം വിശ്വാസികളുടെയും ജീവിതത്തിൽ ഉണ്ടാകുന്നില്ലേ? പിറുപിറുക്കുന്ന അനുഭവം ജീവിതത്തിൽ ഉണ്ടാകുമ്പോൾ വിശ്വാസത്തിൻെറ അളവുകോൽ എവിടെയോ കുറഞ്ഞു എന്നുള്ളത് നാം ചിന്തിക്കാറുണ്ടോ? നമ്മുടെ പിതാവിന് നമ്മെ പരിപാലിക്കുവാൻ മാത്രമല്ല ശിക്ഷിക്കുവാനും ഉള്ള അധികാരം ഉണ്ടെന്നുള്ളത് നാം വിസ്മരിക്കുന്നുവോ? ദൈവത്തിന് ഒരുനാളും മാറ്റമില്ലെങ്കിൽ അവൻറെ മക്കൾ ആകുന്ന നമ്മൾക്ക് ദൈവത്തോടുള്ള വിശ്വാസത്തിൽ മാറ്റം വരുന്നത് എന്തുകൊണ്ട്.?! സകല അവകാശവും വാങ്ങി അപ്പൻെറ ഭവനത്തിൽ നിന്നുപോയ മകൻെറ മടങ്ങിവരവിനെ ആഘോഷമാക്കി അപ്പൻ മാറ്റിയപ്പോൾ അതുവരെ അപ്പനെ അനുസരിച്ചു നടന്ന മൂത്ത മകന് ആ സാഹചര്യത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അനുസരണ കാട്ടി അപ്പൻെറ കൂടെ അവൻ നിന്നത് തനിക്ക് ലഭിക്കാവുന്ന അനുഗ്രഹങ്ങൾക്കും

സാത്താൻ കാണിച്ച ലോകമഹത്വവും യേശു കാണിച്ച മുറിപ്പാടുകളും ...

Pr. Biju P. Samuel, West Bengal

ആ ഉയർന്ന മലയിൽ നിന്ന് സാത്താൻ യേശുവിനെ ലോകത്തിന്റെ മഹത്വം മുഴുവൻ ക്ഷണനേരത്തിനുള്ളിൽ 'കാണിച്ചു.' 'ക്ഷണനേരം' എന്നതു സമയത്തെ സൂചിപ്പിക്കുന്ന വാക്കാണെങ്കിലും, അതിൽ ലോകമഹത്വത്തിന്റെ നൈമിഷികകതയെ വെളിപ്പെടുത്തുന്ന ഒരു ആത്മീയധ്വനിയുമുണ്ട്.

നിമിഷാർത്ഥംകൊണ്ടു സാധ്യമാകുന്ന ഒരു സാഷ്ടാംഗപ്രണാമത്തിലൂടെ പ്രപഞ്ചാധികാരി ആകുകയെന്ന കുറുക്കുവഴിയാണ് സാത്താൻ 'ഓഫർ' ചെയ്തത്. എനിക്കു ഇഷ്ടമുള്ളവനു ഞാൻ അതു കൊടുക്കുന്നു എന്ന ഉറപ്പും. 'എനിക്കു നിന്നെ ഇഷ്ടമാണ്; ഇനി നിന്റെ മറുപടി മാത്രം അറിഞ്ഞാൽ മതി' എന്ന ധ്വനി.

മനസ്സ് ഒന്നാകുന്ന അപൂർവ്വനിമിഷം കാത്തു സാത്താൻ നിന്നു. എന്നാൽ ആരാധന പങ്കുവെക്കാതെ, ഹൃദയം വിഭജിക്കാതെ, പിതാവായ ദൈവത്തോടുള്ള അവിഭക്തമായ സമർപ്പണം യേശുകർത്താവു പ്രകടമാക്കി.

മുന്നിൽ നിന്നു നയിക്കാൻ വന്ന സാത്താനു പുറകോട്ടു പോകേണ്ടിവന്നു. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിലാണല്ലോ ഈ സംഭവം നടന്നത്.

എന്നാൽ, വീണ്ടെടുപ്പുവില കാൽവറിയിൽ പൂർത്തിയാക്കിയശേഷം യേശു ശിഷ്യരോടൊത്തു ഇരിക്കുമ്പോൾ അവരെ തന്റെ കൈകാലുകളും വിലാപ്പുറവും 'കാണിച്ചു' (ലൂക്കോസ് 24:39, യോഹ. 20:20).

അപ്പോഴേക്കും അവിടുന്നു ശുശ്രൂഷാ കാലയളവിലെ സകല നിന്ദകളും അപമാനങ്ങളും സഹിച്ചുകഴിഞ്ഞിരുന്നു. ക്രൂശുമരണവുമായി ബന്ധപ്പെട്ട സകല കഷ്ടതകളും അവിടുന്നു ഏറ്റുവാങ്ങിക്കഴിഞ്ഞിരുന്നു. തന്റെ മരണത്താൽ, മരണാധികാരിയായിരുന്ന പിശാചിനെപ്പോലും അവിടുന്നു നിർവീര്യമാക്കിയിരുന്നു. (എബ്രാ. 2:1415). ഉയിർത്തെഴുന്നേല്പിലൂടെ സകല അധികാരങ്ങൾക്കും മീതെയുള്ള മഹത്വത്തിലേക്കും അവിടുന്നു പ്രവേശിച്ചിരുന്നു (എഫെ. 1:20–23).

കഷ്ടതയിലൂടെയാണു മഹത്വത്തിലേക്കുള്ള വഴിയെന്ന സത്യം യേശു തന്റെ ശിഷ്യരെ കൂടെനടന്നു പഠിപ്പിച്ചു (ലൂക്കോ. 24:26). എന്നാൽ കഷ്ടതയുടെ ആ വഴി ഒഴിവാക്കിയുള്ള ഒരു താൽക്കാലിക മഹത്വത്തിന്റെ വഴിയാണു സാത്താൻ ആദ്യം നിർദ്ദേശിച്ചിരുന്നത്.

കൈകാലുകളിൽ ആണികൾ ആഴ്ന്നിറങ്ങിയ പാടുകളും വിലാപ്പുറത്തെ കുത്തിത്തുളച്ച മുറിവും കണ്ടപ്പോൾ ശിഷ്യന്മാരുടെ ഹൃദയം വേദനിച്ചിട്ടുണ്ടാകാം. എങ്കിലും നിശബ്ദമായി അവർ മനസ്സിലാക്കിയ മഹൽസത്യം ആ മുറിപ്പാടുകളാണു വിജയത്തിലേക്കുള്ള വഴി എന്നാണ്.

ആ മുറിപ്പാടുകളാണു പരിചയപത്രമായി യേശു ശിഷ്യരുടെ മുമ്പിൽ വെളിപ്പെടുത്തിയത്. ഇന്നു സംഘടനകൾ പരിചയപ്പെടുത്തുന്ന ക്രിസ്തുവിനു മുറിവുകൾ ഇല്ല. സാത്താനുമായി കേളീബന്ധത്തിലേർപ്പെട്ടു കിട്ടിയ മഹത്വമാണ് അവർ ഉയർത്തുന്നത്. അതിനു ക്രൂശുമായി യാതൊരു ബന്ധവുമില്ല. സംഘടനകൾ സാത്താന്റെ അന്തഃപ്പുരങ്ങളും ക്രീഡാഗൃഹങ്ങളുമായി അധഃപതിച്ചിരിക്കുന്നു.

ഭൗകിക അധികാരത്തിലൂടെ ആദരവും നല്ല മതിപ്പും ലഭിക്കുമെന്ന സാത്താന്യവാഗ്ദാനം ഇന്നത്തെ നേതൃത്വം കെട്ടിപ്പുണർന്നിരിക്കുന്നു. യേശു തള്ളിക്കളഞ്ഞ, മാനുഷിക ബഹുമാനവും പ്രശംസയും സ്വാധീനവും മാത്രം അവർക്കു മതി. കടിപിടി കൂടി അധികാരസ്ഥാനത്തു എത്താൻ പരിശ്രമിക്കുന്നവർക്കു ദൈവദൃഷ്ടിയിൽ എന്തു മൂല്യമാണുള്ളത്? സഭയുടെ പേരിലുള്ള സംഘടനകൾ പലതും പരാജയപ്പെട്ടിരിക്കുന്നു (യേശു, നാഥനായിട്ടുള്ള ദൈവസഭ പരാജയപ്പെടില്ല).

സാത്താൻ ലോകമഹത്വം കാണിച്ചപ്പോൾ യേശുവിനു കാണിക്കാനുള്ളതു അവിടുത്തെ മുറിപ്പാടുകളാണ്. തിരഞ്ഞെടുക്കേണ്ടതു നമ്മളാണ്.

സാഹചര്യങ്ങൾ മാറിയാൽ ? ....

സ്വത്തിനും വേണ്ടിയായിരുന്നു. നഷ്ടപ്പെട്ട മകൻ മടങ്ങിവന്നു എന്ന് കണ്ടപ്പോൾ തൻെറ സാഹചര്യങ്ങൾ മാറിപ്പോകും എന്ന് മൂത്തമകൻ ആകുലപ്പെട്ടു പോകുന്നു.

സാഹചര്യങ്ങൾ കടൽ പോലെയാണ് എന്നാൽ വചനം പാറയെക്കാൾ ഉറപ്പുള്ളത്. കടലിൻറെ അവസ്ഥ ഏതുസമയത്തും മാറി മറിയാം എന്നാൽ പാറ മാറില്ല. ദൈവവചനം പറയുന്നു ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല. (മത്തായി 24:35) സാഹചര്യങ്ങൾ മാറിയേക്കാം ദൈവവചനത്തിന് മാറ്റമില്ല. നല്ല സാഹചര്യങ്ങൾ ആണെങ്കിൽ അഹങ്കരിക്കരുത് മോശം സാഹചര്യമാണെങ്കിൽ തളരുകയും അരുത്. രണ്ടും കടന്നുപോകും. ദൈവവചനം പഠിപ്പിക്കുന്നു സകലവും നന്മയ്ക്കായി വ്യാപരിക്കുന്നു എന്ന്. പ്രിയരേ നാം ഏത് സാഹചര്യത്തിന്റെ അവസ്ഥയിലും ആകാം. പുൽതകിടിയിലാകാം താഴ്വരയിൽ ആകാം ചിലപ്പോൾ ശത്രുമധ്യേ ആകാം കാറ്റും കോളും നിറഞ്ഞ ഇളകി മറിഞ്ഞ കടലിൻെറ തിരയിൽ പെട്ടുപോയ പടകിന്റെ അവസ്ഥയിലാകാം; സാഹചര്യങ്ങൾ മാറട്ടെ നാം മാറരുത് കാരണം നമ്മുടെ ഇടയൻ മാറാത്തവൻ ആണ്. അവൻ ഇന്നലെ നമ്മെ നടത്തിയവൻ ആണ് ഇന്ന് നമ്മോടൊപ്പം ഉള്ളവനാണ് നാളെയും നമ്മെ കൈവിടാത്തവൻ ആകുന്നു.

സാഹചര്യങ്ങൾ ചോദ്യം ചോദിക്കും പക്ഷേ ദൈവം ഉത്തരമാണ്. ●

What more would you like to see on the pages. Share your experience with us we would love to hear from you.

നൂറ്റാണ്ടുകളിലെ ഉണർവ്വിൻ ജ്വാലകൾ - 6

ജോൺ വെസ്‌ലിയും ചാൾസ് വെസ്‌ലിയും

പാസ്റ്റർ വി.പി. ഫിലിപ്പ്

ഉണർവ്വ് ചരിത്രത്തിലെ അതികായകന്മാർ

ആരായിരുന്നു ജോൺ-ചാൾസ് വെസ്ലിമാർ? ഒറ്റ വാക്കിൽ പറഞ്ഞാൽ 18-ാം നൂറ്റാണ്ടിന്റെ ഉണർവ്വിന്റെ പ്രയോജകർ ആയിരുന്നുവർ. ദൈവത്തിന്റെ നിയോഗം ലഭിച്ച സൂസന്ന വെസ്ലിയാണ് ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടാൻ തന്റെ കുഞ്ഞുങ്ങളെ പരിശീലിപ്പിച്ചത്. ദൈവഭക്തിയുടെ ഉത്തമ ഉദാഹരണമായ ആ മാതാവിനെ സ്മരിക്കാതെ ജോൺ - ചാൾസ് വെസ്ലിമാരുടെ ജീവിചരിത്രം മനസ്സിലാക്കാനാവില്ല.

പുരോഹിതനായ സാമുവേൽ വെസ്ലിയും ഭാര്യ സൂസന്ന വെസ്ലിയും ഇംഗ്ലണ്ടിലെ എപ്‌വെർത്തിലെ ദമ്പതികളായിരുന്നു. പട്ടക്കാരനായ വെസ്ലിക്ക് വലിയ പ്രശസ്തിയൊന്നുമില്ലായിരുന്നുവെങ്കിലും ദൈവഭക്തിയും, മാന്യതയും കൈമുതലായിരുന്നു. അദ്ദേഹത്തിന് 19 മക്കളായിരുന്നു. അവരിൽ 1703 ജൂൺ 17-ന് ജനിച്ച ജോൺ വെസ്ലി പതിനഞ്ചാമനും, 1707 ഡിസംബർ 18-ന് ജനിച്ച ചാൾസ് വെസ്ലി ഏറ്റവും ഇളയവനുമായിരുന്നു. സാമുവേൽ വെസ്ലിയുടെ 19 മക്കളിൽ 9 പേരെയും മരണം വേട്ടയാടി.

ദാരിദ്ര്യം നിറഞ്ഞ കുടുംബ പശ്ചാത്തലമാണ് ഈ കുഞ്ഞുങ്ങളെ മരണത്തിലേക്ക് നയിച്ചത്. ഇങ്ങനെ വേദനാജനകമായ അനുഭവങ്ങളിൽ കൂടി കടന്നുപോയ സാമുവേൽ - സൂസന്ന ദമ്പതിമാർ ദൈവം തങ്ങളെ ഏൽപിച്ച മക്കളെ സ്വർഗ്ഗരാജ്യത്തിന്റെ മൂല്യമുൾക്കൊള്ളുന്നവരായി വളർത്തുവാൻ കഴിയുമെന്നതിന് ഒരു ഉത്തമ ഉദാഹരണമാണ്.

1709-ൽ തന്റെ ശത്രുക്കളായ അയൽക്കാർ വീടിന് തീ വെച്ച് നശിപ്പിക്കുവാൻ ശ്രമിച്ചു. ജോണിന് അന്ന് അഞ്ചു വയസുമാത്രമായിരുന്നു പ്രായം. ഈ തീ പിടുത്തത്തിൽ നിന്ന് സകലരും രക്ഷപ്പെട്ടു. എന്നാൽ ജോൺ വെസ്ലിയാകട്ടെ വീടിന്റെ മുകളിലത്തെ നിലയിൽ കുടുങ്ങിപ്പോയി. ജോൺ മരണത്തെ മുഖാമുഖമായി കണ്ട നിമിഷങ്ങളായിരുന്നു അത്. ഗ്രാമവാസികളിൽ രണ്ടുപേർ ചേർന്ന് തന്നെ രക്ഷപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ തന്റെ ജീവിതം ഒരുപിടി ചാരമാകുമായിരുന്നു. ഈ സംഭവം തന്റെ ജീവിതത്തിലൊരിക്കലും മറക്കാനാവാത്തതാണ്. പിന്നീടുള്ള തന്റെ പ്രസംഗത്തിൽ തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളി (സെഖ. 3:2) എന്ന വാക്യം തന്റെ ജീവിതത്തിൽ അന്വർത്ഥമായിയെന്ന് ഊന്നിപ്പറയുമായിരുന്നു. ഏറ്റവും ഇളയവനായ ചാൾസിനു ഈ സമയം ചില മാസങ്ങൾ മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. താനും ഈ അഗ്നിബാധയിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടു.

ഭവനത്തിലെ ഇളയമകനെന്ന നിലയിൽ ചാൾസിന് പ്രത്യേക പരിഗണനയുണ്ടായിരുന്നു. ചെറുപ്പം മുതൽ തന്നെ പ്രശ്നസങ്കീർണ്ണമായ ജീവിതമായിരുന്നു ചാൾസിന്റേത്. ഒരു അകാലപ്പിറവിയായിരുന്നു തന്റേത്. ആയതിനാൽ തന്റെ ജീവൻ നിലനിർത്തേണ്ടതിന് ചാൾസിന് നേർത്ത തുണിയിൽ പൊതിഞ്ഞ് സൂക്ഷിക്കുമായിരുന്നു. എന്നാൽ താൻ മുതിർന്നപ്പോൾ തന്റെ ബാല്യകാല സ്മരണകളിലെ ചില സംഭവങ്ങൾ തന്നെ വല്ലാതെ സ്പർശിച്ചു. തന്റെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് പ്രത്യേക ഉദ്ദേശ്യം ഉണ്ടെന്ന ബോധ്യം തന്നിൽ ഉളവാകുകയും അങ്ങനെ താൻ കർത്താവിന്റെ വേലയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് സ്വയമായി സമർപ്പിക്കുകയും ചെയ്തു.

ജോൺ വെസ്ലി തന്റെ ജീവിതത്തിന്റെ അന്ത്യനാൾ വരെയും ഒരു ശക്തനായ പ്രസംഗകനായിത്തന്നെ നിലകൊണ്ടു. 1750 വരെയുള്ള കാലങ്ങളിൽ മാത്രമേ ചാൾസിന് മുൻനിരയിൽ നിന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞുള്ളൂ. എന്നാൽ ദൈവിക പ്രവർത്തനങ്ങൾക്ക് ചുമൽ കൊടുക്കുവാൻ തന്റെ സഹോദരനോടൊപ്പം ചാൾസും ഉണ്ടായിരുന്നുവെന്നത് ശ്രദ്ധേയമാണ്. ഇവരിലുണ്ടായ ദൈവിക നിയോഗമാണ് മെഥഡിസ്റ്റ് സഭയുടെ ഉത്ഭവത്തിനും വളർച്ചയ്ക്കും കാരണമായത്.

ജോൺ തന്റെ 17-ാമത്തെ വയസു വരെ ലണ്ടനിലുള്ള ചാർട്ടർ ഹൈസ്കൂളിലായിരുന്നു പഠനം നടത്തിയിരുന്നത്. തുടർന്ന് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ക്രൈസ്റ്റ് ചർച്ച് കോളേജിൽ തന്റെ പഠനം പൂർത്തീകരിച്ചു. ആ വർഷം തന്നെ ചാൾസ് തന്റെ പഠനങ്ങൾക്കായി ഇവിടെ ചേർന്നു. ജോണിന് ഫെലോ ഓഫ് ലിങ്കൺ കോളേജായി തിരഞ്ഞെടുക്കുകയും അവിടെത്തന്നെ ഗ്രീക്ക് ലക്ചററായി നിയമിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ മോർഗൻ എന്ന ഒരു വ്യക്തി ജോണിനോടും ചാൾസിനോടും ചേർന്നു. അങ്ങനെ മൂന്നുപേരും ആത്മീക കാര്യങ്ങൾ പരസ്പരം ചർച്ച ചെയ്യുകയും, ബൈബിൾ പഠിക്കുകയും രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. 1735-ൽ മൂന്നുപേരിൽ ആരംഭിച്ച ഈ ഗ്രൂപ്പിൽ 14 പേർ അംഗങ്ങളായിത്തീർന്നു. ജോർജ് വൈറ്റ് ഫീൽഡ്, ജെയിംസ് ഹെർവേ എന്നിവരും ഇതിൽപ്പെടും. എന്നാൽ സുഹൃത്തുക്കളിൽ ചിലരാകട്ടെ ഈ ഒത്തുചേരലിനെ ഹോളിക്ലബ് എന്ന് കളിയാക്കി വിളിച്ചിരുന്നു.

ജോണിന്റെ ജീവിതത്തെ വളരെയധികം സ്വാധിനിച്ച രണ്ട് ഗ്രന്ഥങ്ങളായിരുന്നുസീരിയസ് കോൾ, ക്രിസ്ത്യൻ പെർഫെക്ഷൻ എന്നിവ. ഈ പുസ്തക പാരായണത്തിലൂടെ തനിക്ക് ലഭിച്ച പ്രചോദനവും ആശയവുമാണ് ഇങ്ങനെയൊരു കൂടിവരവിന് രൂപം നൽകാൻ തന്നെ പ്രേരിപ്പിച്ചത്. ജോണിന് ലാറ്റിൻ, ഗ്രീക്ക്, ഹീബ്രു, ഫ്രഞ്ച് എന്നീ ഭാഷകളിൽ അഗാധമായ അറിവുണ്ടായിരു

ന്നു. ജർമ്മൻ ഭാഷയും ഇതിൽപ്പെടും. തന്നെ സമീപിക്കുന്ന യുക്തിചിന്തകൾക്ക് നല്ല മറുപടി നൽകുവാൻ ജോണിന് കഴിഞ്ഞിരുന്നു.

1725-ൽ ബിഷപ് പോർട്ടറിൽ നിന്നും വൈദിക പട്ടം സ്വീകരിച്ച് അനന്തരംചില നാളുകൾ ഇംഗ്ലണ്ടിലെ എപ്പിസ്കോപ്പൽ സഭയുടെ വികാരിയായി സേവനം ചെയ്തു. സുഹൃത്തുക്കളുടെ നിരന്തരമായ സമ്മർദ്ദത്തിനു വഴങ്ങിയാണ് താൻ വൈദീക പട്ടം സ്വീകരിച്ചത്. അൽപനാളുകൾ തന്റെ പിതാവിനെ ശുശ്രൂഷകളിൽ സഹായിക്കുവാനും തനിക്ക് കഴിഞ്ഞു.

അമേരിക്കയിലെ ജോർജിയയിൽ കോളനിസ്റ്റുകളുടെ ഇടയിൽ ചാപ്ലയന്മാരായും ഒഴിവ് സമയങ്ങളിൽ അമേരിക്കൻ ഇന്ത്യൻസിന്റെ മിഷനറിമാരായും പ്രവർത്തിക്കുവാൻ ജോണിനും ചാൾസിനും അവസരമുണ്ടായി. അതിൽ സന്തുഷ്ടരായ ജോണും ചാൾസും അവിടെ പ്രവർത്തിക്കുന്നതിനായി വളരെ ഉത്സാഹത്തോടെ യാത്ര തിരിച്ചു. യാത്രയുടെ ആരംഭത്തിൽ തന്നെ കപ്പലിനെതിരായി ശക്തമായി കൊടുങ്കാറ്റടിക്കുവാൻ തുടങ്ങി. ഇതിൽ ഭയന്നുപോയ ഇംഗ്ലീഷുകാരും മറ്റും മരണഭയത്താൽ കപ്പലിൽ കിടന്ന് നിലവിളിക്കുമ്പോൾ അതിലുണ്ടായിരുന്ന ചില മൊറെവിയൻസ് ഭയപ്പെടാതെ വളരെ സന്തോഷത്തോടെ ശാന്തമായി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഇതിൽ അത്ഭുത പരതന്ത്രനായ ജോൺ ഇവരുമായി കൂടുതൽ ഇടപഴകുവാൻ ആഗ്രഹിച്ച് ജർമ്മൻ ഭാഷ കൈവശമാക്കി. പ്രൊട്ടസ്റ്റന്റ് ഗ്രൂപ്പിലെ ലൂഥറൻ സഭക്കാരായിരുന്ന ഇവർ മിഷനറി പ്രവർത്തനങ്ങൾക്ക് വളരെ ഉത്സാഹികളായിരുന്നു. ഇക്കൂട്ടരിൽ തങ്ങൾക്ക് കാണുവാൻ കഴിഞ്ഞ ആത്മവീര്യം വെസ്ലിമാരെ വളരെ ചിന്തിപ്പിക്കുകയും അത് അവരുടെ ജീവിതത്തിന്റെ മറ്റൊരു വഴിത്തിരിവിന് കാരണമാകുകയും ചെയ്തു.

ജോർജിയായിലെ തങ്ങളുടെ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചത്ര ഫലവത്തായില്ല. സാധാരണക്കാരായ ജനങ്ങളുടെ ഇടയിൽ ഉന്നത ആത്മീയ ജീവിതത്തെക്കുറിച്ചുള്ള പുതിയ ചിന്തകൾ പ്രചരിപ്പിച്ചപ്പോൾ അത് അവർക്ക് ഉൾക്കൊള്ളുവാൻ പ്രയാസമായിരുന്നു. മാത്രമല്ല അവരുടെ ജീവിത ശൈലികൾ പാപമാണെന്ന് ചിത്രീകരിച്ചുള്ള പ്രസംഗങ്ങൾ, പ്രകോപനത്തിനും അസംതൃപ്തിക്കും കാരണമായി. ഇങ്ങനെ ജനരോഷം വെസ്ലിമാർക്ക് നേരെ ആഞ്ഞടിക്കുവാൻ തുടങ്ങിയപ്പോൾ 1738-ന്റെ ആരംഭ ദിനങ്ങളിൽ തങ്ങൾ ഇംഗ്ലണ്ടിലേക്ക് മടങ്ങിപ്പോന്നു. ''അമേരിക്കൻ ഇന്ത്യൻസിനെ രൂപാന്തരപ്പെടുത്തുവാൻ ആർക്ക് കഴിയും'' എന്ന് ഡയറിയിൽ കുറിച്ചിടുകയും ചെയ്തു.

ഇവരുടെ അമേരിക്കൻ പ്രസംഗങ്ങൾ തികച്ചും പരാജയമാണെന്ന് പറയുവാൻ കഴിയുകയില്ല. കാരണം ആരാലും ഒരിക്കലും ഇളക്കാൻ കഴിയാത്ത ശക്തമായ ഒരു അടിത്തറ അമേരിക്കൻ പ്രവർത്തനങ്ങൾക്കിടുവാൻ ജോണിന് കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യം തന്നെ.

മൊറേവിയൻ ക്രിസ്ത്യാനികൾക്ക് രക്ഷയെക്കുറിച്ചുള്ള അറിവ് വളരെ ആഴമായിരുന്നു. ഇത് വെസ്ലിമാരെ അത്ഭുതപ്പെടുത്തി എന്നു മാത്രമല്ല, തങ്ങൾക്ക് ക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ചുള്ള അറിവിനെ വെല്ലുവിളിക്കുവാൻ മൊറേവിയൻ ക്രിസ്ത്യാനികൾക്ക് കഴിഞ്ഞത് പ്രശംസനീയം തന്നെ. മൊറേവിയൻ ക്രിസ്ത്യാനികളുടെ ഈ അവഗാഹമായ അറിവ് ഇരുവരെയും നന്നേ ചിന്തിപ്പിച്ചു. തുടർന്ന് ഇംഗ്ലണ്ടിലെത്തിയ വെസ്ലിമാരുടെ പ്രവർത്തനങ്ങളും പ്രസംഗങ്ങളും ഒന്നും തന്നെ ഫലപ്രാപ്തിയിലെത്തിയില്ല. തുടർന്ന് മൊറേവിയൻ സമൂഹത്തിൽപെട്ട പീറ്റർ ബൊഹ്ളർ എന്ന വ്യക്തിയുമായി പരിചയപ്പെടുവാനും സ്നേഹബന്ധം സ്ഥാപിക്കുവാനും കഴിഞ്ഞത് വെസ്ലി സഹോദരന്മാരുടെ ജീവിതത്തിലെ മറ്റൊരു വഴിത്തിരിവിനിടയാക്കി. ഇത് മന:പരിവർത്തനം, വീണ്ടും ജനനം, വിശ്വാസത്താലുള്ള നീതീകരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ലൂഥറൻ പഠനങ്ങൾ ഇവർക്ക് നൽകി.

അങ്ങനെ രക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട ചാൾസ് അതിനായി തീരുമാനമെടുത്തു. 1738 മെയ് 21-ാം തീയതി ഞായറാഴ്ച താൻ ക്രിസ്തുവിനുവേണ്ടി സ്വയമായി സമർപ്പിച്ചു. അന്നുവരെ താൻ അനുഭവിച്ചിട്ടില്ലാത്ത ആത്മസാന്നിദ്ധ്യം അനുഭവിക്കാൻ തനിക്ക് കഴിഞ്ഞു.

മൂന്ന് ദിവസങ്ങൾക്കു ശേഷം മെയ് 24 ബുധനാഴ്ച രാത്രിയിൽ ആൻഡേഴ്സ് ഗേറ്റിലെ ഒരു വീട്ടിൽ വച്ച് നടത്തപ്പെട്ട ഒരു പ്രാർത്ഥനാ യോഗത്തിൽ അപ്രതീക്ഷിതമായി ജോണും സംബന്ധിച്ചു. റോമാ ലേഖനത്തിന് ലൂഥർ എഴുതിയ ആമുഖം ആ യോഗത്തിൽ ആരോ വിശദീകരിച്ചു. അപ്പോൾ തനിക്കുണ്ടായ അനുഭവം ജോൺ വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

''എന്റെ എല്ലാ സാഹചര്യങ്ങളും മറന്ന് ഏകാഗ്രതയോടെ രക്ഷക്കുവേണ്ടി ക്രിസ്തുവിൽ മാത്രം ഞാൻ ആശ്രയിക്കുവാൻ തുടങ്ങി. എന്റെ പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുന്ന ഈ അവസരത്തിൽ ക്രിസ്തു എന്റെ പാപങ്ങളെല്ലാം എടുത്തു കളയുന്നതായി എനിക്ക് അനുഭവപ്പെടുകയും പാപത്തിന്റെയും തൽഫലമുള്ള മരണത്തിന്റെയും നിയമത്തിൽ നിന്ന് രക്ഷ ലഭിച്ചു എന്ന ബോധവും എനിക്കുണ്ടായി. (I felt my heart strongly warmed for salvation. I felt I did trust in Christ alone for salvation and an assurance was given me that he had taken away sin even mine and saved me from the law of sin and death).

തന്റെ ജീവിതത്തിലെ ഈ മാറ്റത്തിന് ശേഷം ജോൺ ജർമ്മനിയിൽ അനേകം മൊറോവിയൻ വിശ്വാസികളെ സന്ദർശിക്കുകയുണ്ടായി. ഇത് തന്റെ ജീവിതത്തിന് കൂടുതൽ ശക്തി നൽകി. തന്റെ സമൂഹത്തിൽ കാര്യമായ രൂപാന്തരം വരുത്തുവാൻ വിധത്തിലുള്ള പ്രവർത്തന പദ്ധതികളുമായി ജോൺ മടങ്ങിയെത്തി. പരിശുദ്ധാത്മാവിനാലും ദൈവകൃപയാലും നിറയപ്പെട്ട ആ സഹോദരന്മാർക്ക് നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളെക്കുറിച്ചുള്ള വലിയ ഭാരം ഉള്ളിൽ അനുഭവപ്പെട്ടു. സകല മനുഷ്യർക്കും ഏതു കഷ്ടം സഹിച്ചും ക്രിസ്തുവിനെ നൽകാനുള്ള ദൃഢനിശ്ചയത്തോടെ ആ സഹോദരങ്ങൾ ദേശങ്ങളെ വലം വെക്കുവാൻ ആരംഭിച്ചു. രാജ്യത്തെ മുഴുവൻ രക്ഷിക്കുക എന്ന വിശാലമായ ദർശന ദൗത്യമായിരുന്നു അവരുടേത്. അതിനായി അവർ പാരിഷുകളെ വിട്ട് ജനങ്ങളുടെ ഇടയിലേക്ക് സുവിശേഷവുമായി പോകുവാൻ താൽപര്യപ്പെട്ടു.

(തുടരും)

HEBRON BIBLE COLLEGE

ESTABLISHED IN 1992

Vision :
Light up the villages of Maharashtra through living word.

Fully owned and managed by IPC Maharashtra State

- Diploma in Theology (D.Th)
  Hindi Medium - 2 Years full time course.
- Food and accommodation free
- Day scholars are indeed permitted from in and around Panvel

34 Years of
God's Faithfulness

Pr. P.M. Cherian	Pr. K.M. Varghese	Pr. K.A. Mathew	Evg. Varghese Kollakompil
President	*Vice-President*	*Secretary)*	*Administrator*

PRAY FOR MAHARASHTRA



Pray for Maharashtra & its
12.96 Crore people

SUVARTHA - Registered with Registrar of News Papers for India Under Licence No. 56985-93

SCENES FROM DIFFERENT UNDER CONSTRUCTION CHURCHES